**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 136** **12-09-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ മോട്ടോർ വാഹന വകുപ്പ് കെൽട്രോണിനെ തെരഞ്ഞെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | മോട്ടോർ വാഹന വകുപ്പിൽ മെക്കാനിക്കൽ/ ഓട്ടോമൊബൈൽ എഞ്ചിനീയർമാരാണ് ഉള്ളത്. എന്നാൽ സങ്കീർണ്ണമായ ഈ പദ്ധതിയിൽ നിർമ്മിത ബുദ്ധി പോലുള്ള ആധുനിക സങ്കേതങ്ങൾ ആണ് ഉപയോഗിക്കുന്നത്. ക്യാമറകൾ സ്ഥാപിക്കുന്നതിനൊപ്പം ഈ സംവിധാനമാകെ ഡിസൈൻ ചെയ്യുകയും കരാർ കാലയളവിൽ കൃത്യമായി പരിപാലിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ്, സർക്കാരിന്റെ കീഴിലുള്ള ഒരു പൊതു മേഖലാ സ്ഥാപനമായതിനാലും പദ്ധതി നിർവ്വഹണങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസി ആയതിനാലും ക്യാമറ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിലും പരിപാലിക്കുന്നതിലും വർഷങ്ങളുടെ പരിചയമുള്ളതിനാലും എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാനും പദ്ധതി നടപ്പാക്കുവാനും കെൽട്രോണിനെ തെരഞ്ഞെടുത്തത്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് വകുപ്പ് പരിശോധിച്ചിരുന്നോയെന്നും ഇതിനായി വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നോയെന്നും അറിയിക്കുമോ; വിശദാംശം നൽകാമോ; | (ബി) | ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ അദ്ധ്യക്ഷനായ മോട്ടോർ വാഹന വകുപ്പിന്റെ, വകുപ്പ് തല ടെക്നിക്കൽ കമ്മിറ്റി 22.10.2019 തീയതി യോഗം ചേർന്ന് പ്രസ്തുത എ.ഐ. ക്യാമറ പദ്ധതിക്ക് വേണ്ടി കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ വിശകലനം ചെയ്യുകയും പ്രസ്തുത പ്രൊപ്പോസൽ മോട്ടോർ വാഹന വകുപ്പിന് അനുയോജ്യമാണെന്ന് സർക്കാരിലേക്ക് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. പിന്നീട് 28.12.2019 ൽ ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല ടെക്നിക്കൽ കമ്മിറ്റി യോഗം പ്രസ്തുത പ്രൊപ്പോസൽ വിലയിരുത്തുകയും, അംഗീകരിക്കുകയുമുണ്ടായി. |
| (സി) | എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതുമായി | (സി) | 04.07.2019 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ |

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട് കെൽട്രോണിന് മുൻപരിചയമുണ്ടോയെന്ന് വകുപ്പ് അന്വേഷിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ; | | G.O(P)No.77/2019/Fin പ്രകാരം കെൽട്രോൺ ഐ.ടി. സംബന്ധമായ സേവനങ്ങൾ നൽകുന്നതിനുള്ള സർക്കാരിന്റെ "accredited" ഏജൻസിയായതിനാലും കെൽട്രോണിന് മോട്ടോർ വാഹന വകുപ്പിലും, പോലീസിലും നിരവധി ക്യാമറ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയതിന്റെ മുൻപരിചയം ഉള്ളത് കൊണ്ടുമാണ് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ചത്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് മാർക്കറ്റ് നിരക്കുമായി താരതമ്യം ചെയ്തിരുന്നോ; വിശദമാക്കാമോ? | (ഡി) | എ.ഐ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം മോട്ടോർ വാഹന വകുപ്പിനില്ലാത്തതു കാരണമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഐ.ടി. സംബന്ധമായ സേവനങ്ങൾ നൽകുന്ന സർക്കാരിന്റെ "accredited agency" ആയ കെൽട്രോണിനെ ഏൽപ്പിച്ചിട്ടുള്ളത്. കെൽട്രോൺ, ദേശീയ സംസ്ഥാന തലങ്ങളിൽ പത്രങ്ങളിൽ പരസ്യം കൊടുത്ത്, സംസ്ഥാന സർക്കാർ അംഗീകരിച്ച ഇ -ടെണ്ടർ പ്ലാറ്റ്ഫോം മുഖേനയാണ് ടെണ്ടർ വിളിച്ചിട്ടുള്ളത്. തുടർന്ന് പദ്ധതി നടത്തിപ്പിന് വർക്ക് ഓർഡർ കൊടുക്കുമ്പോഴോ 2022 മുതൽ പദ്ധതി നടപ്പാക്കിയപ്പോഴോ റേറ്റ് കൂടുതലാണെന്ന വാദം ആരും ഉയർത്തിയിരുന്നില്ല. കൂടാതെ ഈ പദ്ധതിയിൽ പണം മുൻകൂറായി കെൽട്രോണിന് നൽകിയിട്ടില്ല. ക്യാമറകളും അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കൽ, കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ, ഇവയെല്ലാം പരിപാലനം ചെയ്യൽ, വാഹനങ്ങളിൽ ക്യാമറ സ്ഥാപിച്ച് അവ പ്രവർത്തിപ്പിച്ച് ഡീസൽ ചെലവ് ഉൾപ്പെടെയുള്ള വാഹന പരിപാലനം നിർവ്വഹിക്കൽ, പദ്ധതി നടപ്പാക്കാൻ ആവശ്യമായ 146 പേരുടെ സാങ്കേതിക സേവനം, പദ്ധതിയുടെ അഞ്ച് വർഷത്തെ പരിപാലനം, ചെലാൻ അയയ്ക്കുന്നതിന്റെ ചെലവ്, ഇന്റർനെറ്റ്, വൈദ്യുതി ചാർജ്ജ് തുടങ്ങി നിരവധി ഘടകങ്ങൾ അടങ്ങിയത് പരിഗണിച്ച് ഒരു ടോട്ടൽ പാക്കേജ് ആയാണ് കെൽട്രോണിന് പദ്ധതി നടപ്പാക്കാനും പരിപാലിക്കാനുമുള്ള ചുമതല കൊടുത്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ